(ബി) താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ പ്രവർത്തിച്ചുവന്നിരുന്ന കാഷ്വാലിറ്റി നിർത്തലാക്കിയ സാഹചര്യം വ്യക്തമാക്കുമോ ; കാഷ്വാലിറ്റി നിർത്തലാക്കിയതുകൊണ്ട് പൊതുജനങ്ങൾക്കുണ്ടായ പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിന് താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ കാഷ്വാലിറ്റി സംവിധാനം പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എൻ.ആർ.എച്ച്.എം. മുഖേന താലൂക്ക് ആശുപത്രികളിൽ കാഷ്വാലിറ്റി സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

(ബി) താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ എൻ.ആർ.എച്ച്.എം. മുഖേന 4(നാല്) ഡോക്ടർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചുകൊണ്ടാണ് കാഷ്വാലിറ്റി സംവിധാനം ആരംഭിച്ചത്. പ്രസ്തുത ഡോക്ടർമാർ സ്വമേധയാ ജോലി രാജിവച്ച് പോയതുകൊണ്ടാണ് കാഷ്വാലിറ്റി സംവിധാനം നിർത്തലാക്കിയ സാഹചര്യം വന്നത്. കാഷ്വാലിറ്റി നിർത്തലാക്കിയതുകൊണ്ട് പൊതുജനങ്ങൾക്കുണ്ടായ പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാഷ്വാലിറ്റി സംവിധാനം പുനഃസ്ഥാപിക്കുന്നതിന് എൻ.ആർ.എച്ച്.എം. മുഖേന കരാർ അടിസ്ഥാനത്തിലുള്ള നിയമനത്തിനായി ഡോക്ടർമാരുമായി കൂടിക്കാഴ്ച നടത്തിയെങ്കിലും ആരുംതന്നെ താൽപ്പര്യം പ്രകടിപ്പിച്ചിട്ടില്ല.

എൻ.ആർ.എച്ച്.എം. മുഖേന നിയമിതരായിട്ടുള്ള വനിതാ വിഭാഗം ജീവനക്കാർക്ക് ശമ്പളത്തോടുകൂടിയുള്ള പ്രസവാവധി

7 (8067) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) എൻ.ആർ.എച്ച്.എം. മുഖേന നിയമിതരായിട്ടുള്ള വനിതാവിഭാഗം ജീവനക്കാർക്ക് ശമ്പളത്തോടുകൂടിയുള്ള പ്രസവാവധി അനുവദിച്ചുനൽകാറുണ്ടോ ; എങ്കിൽ എത്ര ദിവസമാണ് ശമ്പളത്തോടുകൂടി അവധി അനുവദിക്കുന്നത് ; ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) ഇടുക്കി ജില്ലയിൽ എൻ.ആർ.എച്ച്.എം. മുഖേന നിയമിതരായിട്ടുള്ള വനിതാ ജീവനക്കാർക്ക് പ്രസവാവധിക്കാലത്തെ ശമ്പളം നൽകാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അർഹരായിട്ടുള്ള അപേക്ഷകർക്കെല്ലാം പ്രസവാവധിക്കാലത്തെ ശമ്പളം അടിയന്തരമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എൻ.ആർ.എച്ച്.എം.-ൽ ഒരു വർഷത്തെ സേവനം പൂർത്തിയാക്കിയ എല്ലാ വനിതാ ജീവനക്കാർക്കും ശമ്പളത്തോടുകൂടി 90 ദിവസത്തെ പ്രസവാവധി നൽകിവരുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) പരാതികളൊന്നും ലഭിച്ചിട്ടില്ല.

(സി) സ്വീകരിക്കാറുണ്ട്.

എല്ലാ ബ്ലോക്ക് പഞ്ചായത്തിലും സ്പെഷ്യാലിറ്റി ചികിത്സാ സംവിധാനം

8 (8068) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) എല്ലാ ബ്ലോക്ക്പഞ്ചായത്തുകളിലും ഒരു ആശുപത്രിയിൽ സ്പെഷ്യാലിറ്റി ചികിത്സാ സംവിധാനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പദ്ധതിയനുസരിച്ച് എന്തെല്ലാം സ്പെഷ്യാലിറ്റി വിഭാഗങ്ങളാണ് ആശുപത്രികളിൽ ലഭ്യമാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ജനങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യസേവനം ലഭ്യമാക്കാൻ പദ്ധതി എത്രമാത്രം പ്രയോജനപ്പെടുത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ഓരോ ബ്ലോക്ക് പഞ്ചായത്തിലും ഒരു ആശുപത്രിയിലെങ്കിലും ജനറൽ മെഡിസിൻ, സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ് എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങളോടുകൂടിയ ചികിത്സാ വിഭാഗങ്ങളോടുകൂടിയ ചികിത്സാ സംവിധാനം ലഭ്യമാക്കുക എന്നതിന്റെ അടിസ്ഥാനത്തിൽ സ.ഉ. (സാ.ധാ.) നമ്പർ 1669/2014/ ആ.കു.വ. തീയതി 26-5-2014 പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 154 ആശുപത്രികളിൽ സ്പെഷ്യാലിറ്റി യൂണിറ്റോടുകൂടിയ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly